| | | |
|---|---|---|
| പെരിങ്ങളം | - | 9 |
| ചൊക്ലി | - | 28 |
| പാനൂർ | - | 26 |
| തൃപ്പങ്ങോട്ടൂർ | - | 119 |
| കുന്നോത്തുപറമ്പ് | - | 95 |
|ന്യൂ മാഹി | - | 3 |

വീട് ലഭിച്ചവരുടെ പേരുവിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) ഗ്രാമപഞ്ചായത്തുകളെ സംബന്ധിക്കുന്ന വിവരം താഴെ ചേർക്കുന്നു :

| | | |
|---|---|---|
| പാട്യം | - | 153 |
| മൊകേരി | - | 24 |
| പന്ന്യന്നൂർ | - | 50 |
| കരിയാട് | - | 89 |
| പെരിങ്ങളം | - | 12 |
| ചൊക്ലി | - | 40 |
| പാനൂർ | - | 53 |
| തൃപ്പങ്ങോട്ടൂർ | - | 144 |
| കുന്നോത്തുപറമ്പ് | - | 136 |
| ന്യൂ മാഹി | - | 5 |

അപേക്ഷകരുടെ പേരുവിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി&ഇ) എഗ്രിമെന്റ് വച്ചവർക്ക് ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് ബാക്കിയുള്ള അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.

**പേരാവൂർ നിയോജക മണ്ഡലത്തിലെ ഇ.എം.എസ്. ഭവന പദ്ധതി**

153 (1911) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം പേരാവൂർ നിയോജക മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്രപേർക്ക് പ്രസ്തുത പദ്ധതിയിലൂടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ :

(സി) നിലവിൽ എത്ര വീടുകളുടെ പണി പൂർത്തികരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ : നിർമ്മാണ പ്രവർത്തന പുരോഗതി വിശദികരിക്കുമോ ?

ഉത്തരം

(എ) പേരൂവൂർ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ 1957 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പേരാവൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മട്ടന്നൂർ നഗരസഭയിൽ 517 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി)

| ഗ്രാമപ്പഞ്ചായത്തിന്റെ പേർ | ആനുകൂല്യം ലഭിച്ചവർ |
|---|---|
| ആറളം | 128 |
| അയ്യൻകുന്ന് | 143 |
| കണിച്ചാർ | 108 |
| കീഴൂർചാവശ്ശേരി | 186 |
| കേളകം | 68 |
| കൊട്ടിയൂർ | 145 |
| പായം | 208 |
| പേരാവൂർ | 109 |
| മുഴക്കുന്ന് | 214 |
| ആകെ | 1309 |

(സി) ഗ്രാമപഞ്ചായത്തുകളിൽ 510 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. മട്ടന്നൂർ നഗരസഭയിൽ 413 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ 2010 നവംബർ 30 വരെ 280 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതും 14 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

**ഇ.എം.എസ്. ഭവനപദ്ധതി**

154 (1912) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന പദ്ധതി നടപ്പാക്കുന്നതിനായി ബാങ്കുകൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് എന്ത് തുക സർക്കാർ വായ്പ എടുത്തിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly